# പ്രിഡോറ



## ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ചായ്യോത്ത്

പ്രിഡോറ



# ഉള്ളടക്കം

1. ഒരു നിമിഷം ................................................... എഡിറ്റർ ................................... . 04
2. അമ്മ (കവിത) ................................................ പത്മാക്ഷി കെ ........................... 08
3. വര .............................................................. അനശ്രീ സത്യൻ ....................... 10
4. എന്തിനോവേണ്ടി (കവിത) .............................. പൂജ കെ .................................... 11
5. पर्यावरण संरक्षण ...................................... पारवती पी....................... 13
6. പ്രേമലേഖനം (വായനാകുറിപ്പ്) .......................... ദേവപ്രിയ എം ..................... 14
7. ഒറ്റപ്പെടലിലേക്ക് എത്ര ദൂരം (കഥ) ..................... സംഗീത് ടി ............................... 16
8. വര ............................................................... ആദിത്യൻ ................................ 17
9. मनुष्यता (कविता) ................................................ लीला के वी ................................ 18
10. മഴ (അനുഭവകുറിപ്പ്) ....................................... സന വിനോദ് ............................ 20
11. In the wake of a monsoon rain (story) ............. Navaneetha Jayan ................... 21
12. പെണകരുത്ത് (ഉപന്യാസം) .............................. സാന്ത്വന ജയിംസ് ..................... 23
13. വര ................................................................. നക്ഷത്ര പി വി ......................... 25
14. quiz................................................................ Rea Theres................................ 26
15. Computer Glossary ........................................ Aleena Sunny .......................... 27
16. വര ................................................................. സൂരായജിത്ത് സി കെ ................. 28
17. സ്വപ്നം (കവിത) ................................................ അനവദ്യ വി നായർ ................... 29
18. കണ്ണീർ പ്രളയം (കവിത) .................................... രജീഷ്മ രാജീവ് ........................... 30
19. പിണ്ടുടരുന്നവർ (കവിത) ..................................... മീനാകുമാരി സി എം .................. 31
10. കടൽക്കരയിലെ വീട് (കവിത) ............................ അനിത കെ ............................. 33
21. കാസർഗോഡൻ ഭാഷ ........................................ ഗ്ലാഡിസ് തോമസ്,
ആര്യ സുരേന്ദൻ,
മിഥുൻ മനോജ്,
അൻഷിഫ് ............................. 35
22. ഐ വിൽ ഡൂ (അനുഭവകുറിപ്പ്) .............................. വിനോദ് മാസ്റ്റർ ......................... 37
23. മഹാദുരന്തം (കവിത) .......................................... മേഘ്ന എം ................................ 38
24. സമാധാനഭൂമി (കവിത) ....................................... നിവേദിത എസ് ........................ 39
25. The magic The rain (poem) ................................ Rajeeshma .............................. 40
26. വാൽസല്ല്യം (കവിത) .......................................... സുഭദ്ര ആനന്ദ് ............................ 41
27. വിസ്മരിക്കപ്പെടുന്ന ഗാന്ധിയൻ ആശയങ്ങൾ........ മരിയ ഷാജി .................................... 43
28. യാത്രാവിവരണം.......................................... സുൽത്തന ബീഗം..................... 45
29. അഭിമാനമുഹൂർത്തങ്ങൾ ..................................................................................... 46
30. Little Kites Members ............................................................................................ 65
31. മറുമൊഴി ............................................................................................................. 67

# ഒരു നിമിഷം.....

എഴുത്ത്.....

ഒരു പോരാട്ടമാണ്

നാം നട്ട

നന്മ മരങ്ങളുടെ

ചില്ലൊടിയും മുമ്പ്...

നാം വിതച്ച പാടം

കള തിന്നും മുമ്പ്....

ഒഴുകുന്ന കണ്ണീർ

പാഴ് വാക്കാകും മുമ്പ്

കനൽ വഴികളിൽ

ഇരുട്ട് വീഴും മുമ്പ്

നോവേറ്റ് പാടും

പാട്ടുകൾ,കഥകൾ

ആകാശം നോക്കി....

കുതിച്ച് പൊങ്ങുന്നു....

കാണാമോ

അവ തീർക്കും

പുത്തൻ ഉദയം...

മഴവിൽ തിളക്കം...

നിലാപ്പെയ്ത്ത്.........

കണ്ടേ പോവുക

ഹൃദയം തൊട്ടേ പോവുക......

സൃഷ്ടിപരതയുടെ നോവും
സർഗധനതയുടെ
കൈയ്യൊപ്പും
ഒഴുകിയൊരുമിക്കുമ്പോൾ....

ദൈവത്തിൻെറ വരദാനമെന്ന
അർത്ഥം വരുന്ന
"പ്രിഡോറ" എന്ന ഇറ്റാലിയൻ വാക്കിൽ
ഞങ്ങൾ ഒരുക്കുന്ന മാസിക നിങ്ങൾക്കായി
സമർപ്പിക്കുന്നു........

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ് മെമ്പർമാർ

വിവേക് 9G
രാംജിത്ത് 9E
ശിവപ്രസാദ് 9G
ഗ്ലാഡിസ് 9F
റിയ 9F
ശ്രേയ രാജൻ 9B

## കവർ ചിത്രം

വിവേക് വി 9G

## ഉപദേശകസമിതി

സുകുമാരൻ പി വി [SITC]
വത്സരാജ് സി പി [ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ]
ലത കെ [ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്]
അനിത കെ
മീനാകുമാരി സി എം

## സന്ദേശം



സി കുഞ്ഞിരാമൻ മാസ്റ്റർ (ഹെഡ് മാസ്റ്റർ)

കുട്ടികൾ നാളെയുടെ യുവത്വമാണ്.'ലോകത്തിന്റെ നന്മയുടെ പ്രതീക്ഷകൾ.വിവര സാങ്കേതികരംഗത്തും അവർ എഴുത്തിലൂടെ സർഗാത്മകതയുടെ ലോകം തീർക്കുമ്പോൾ ഉറവ വറ്റാത്ത സ്നേഹത്തിന്റെ കണ്ണികളായി അവർ മാറുന്നു.ഈ മാസികയ്ക്ക് എല്ലാ വിധ ആശംസകളും നേർന്നു കൊണ്ട്

ഹെഡ് മാസ്റ്റർ
സി കുഞ്ഞിരാമൻ

# അമ്മ

-----------

സമൂഹത്തിലെ പുരാവസ്തുക്കളായി മാറിക്കൊണ്ടിരിക്കുന്ന,അനാഥത്വം അനുഭവിക്കുന്ന വാർദ്ധക്യത്തിന് വേണ്ടി



ഇന്ന് ഞാറായ്ച്ചയാണോ,?
എന്നമ്മ ചോദിച്ചു,
നവതിയിലേക്കെത്തിയന്നമ്മ ചോദിച്ചു,
ഇന്ന് ഞാറായ്ച്ചയാണോ ?
ഓഫീസിൽ പോകുവാൻ, ജോലികൾ തീർക്കുവാൻ,
വെമ്പുന്ന ഞാൻ, ഒരു നിമിഷം സ്തബ്ദയായ്,
എന്തമ്മേ ,ഇന്ന് വെള്ളിയാഴ്ച്ചയല്ലേ?
എന്നു ഞാൻ ചൊന്നപ്പോൾ, അമ്മതൻ
മുഖമിത്ര മ്ലാനമാകുവാൻ കാരണമെന്തേ,
അമ്മതൻ മുഖമിത്ര മ്ലാനയായ് കാണുവാൻ കാരണമെന്തേ?
അമ്മ പറഞ്ഞു, ഒറ്റയ്ക്കിരുന്നു മടുത്തു ഞാൻ,
അടഞ്ഞ വാതായനങ്ങൾ, കണ്ടു മടുത്തു ഞാൻ
ശ്മശാനമൂകമാം, അകത്തളങ്ങളും, കണ്ടു മടുത്തു ഞാൻ
ഒന്നു മിണ്ടുവാൻ,ഒന്നു പറയുവാൻ, ഒന്നു ചിരിക്കുവാൻ
നേരമില്ലാർക്കും...... എനിക്ക് നേരമേയുള്ളൂ......

അമ്മ പറഞ്ഞു, എന്റെ മകനിന്ന് ബാങ്കിലേക്കെത്തണം തിരക്കാണത്രേ!
എന്റെ മരുമകൾക്കിന്ന് ഓഫീസിലെത്തണം, തിരക്കാണത്രേ!
കൊച്ചുമക്കൾക്കെല്ലാം, ട്യൂഷൻ, സ്കൂൾ ക്ലാസുകൾ, മിണ്ടുവാനില്ലനേരം


എല്ലാമൊരുക്കി ഞാൻ ഓഫീസിലേക്കിറങ്ങാൻ നേരത്തമ്മ ചോദിക്കും,
ഒരായിരം വികാരത്തോടമ്മ ചോദിക്കും
നീ ഇന്നും വൈകുമോ?
ബാങ്കിലെ കണക്ക,മ്മക്കറിയില്ല, ഓഫീസിലെ തിരക്ക, മ്മക്കറിയില്ല
അമ്മക്ക് വേണം ഒരു കൂട്ട്


അമ്മയുടെ കണ്ണിൽ വിരിയുമൊരായിരം ചോദ്യശരങ്ങൾ,
എന്തിനാണെന്നെ ഇനിയും
കിടത്തുന്നു,
നേരമായില്ലേ, എനിക്ക് പോകുവാൻ നേരമായില്ലേ...
കൂട്ടിലടച്ച കിളിയെപോൽ,
എത്രനാളിങ്ങനെ കാത്തിരിക്കും?
ഒരു ഞാറായ്ച്ചയായാൽ ഒരൊച്ചകേൾക്കാം
ഒരു ഞാറായ്ച്ചയായാൽ ഒന്ന് മിണ്ടാം

ഇനിയെന്ന് വരുമൊരു ഞാറായ്യ?
ഇനിയെന്ന് വരുമൊരു ഞാറായ്യ?

പത്മാക്ഷി.കെ
ജി.എച്ച്. എസ്.എസ് ചായ്യോത്ത്






anusree
10 std

# എന്തിനോ വേണ്ടി



തീ പാറുന്ന ചങ്കിൽ

കുരുങ്ങിയ മതിൽ

ഉദിക്കാത്ത സൂര്യനെ

ചുമലിൽ കെട്ടിത്തൂക്കി

കടല് കാണിക്കാൻ

കൊതിക്കുന്ന

എന്തിനോ വേണ്ടി

മാറുപിളർത്തിക്കാട്ടി

സ്വപ്നങ്ങളുടെ നീണ്ട നിരയിൽ

വീണ്ടും ഒന്നാമത്

എങ്കിലും എത്തില്ല

കാരണങ്ങളിൽ എവിടെയും

നിറഞ്ഞു നിൽക്കുന്നത് ആ രണ്ടക്ഷരങ്ങളാണ്

ശാപക്കൂട്ടതൽ കൊണ്ട്

വളർന്ന മുടിനാരുകളും

ഭാരം കൂടിയ ശരീരഭാഗങ്ങളും

കാത്തിരിപ്പിന് ഊക്കം കൂട്ടി

എടങ്ങേറ് കുടം നിറച്ചു

നിഷേധിച്ച പടവുകളെല്ലാം

## പ്രിഡോറ

ശ്വാസം അമർത്തിപിടിച്ച്

കയറുമ്പോൾ രക്തകറകൾ

ഉറ്റിവീഴുന്നുണ്ടായിരുന്നു

പഴയ കഥയുടെ ബാക്കിയായി

എങ്കിലും കാത്തിരിക്കാം

വീണ്ടും എന്തിനോ വേണ്ടിയുള്ള കാത്തിരിപ്പ്

**പൂജ കെ**

**10 B**

# पर्यावरण संरक्षण

पर्यावरण मानव जीवन का आधार है। इनके बिना मनुष्य का जीवन संकट में पड जाएगा। किंतु आज मानव इनके महत्व को न समझते हुए इनकी उपेक्षा कर रहा है। अपनी जरूरतों को पूरति करने केलिए लगातार पेडों की काटाई कर रही है। कोई पेडों को काटने पर भी उससे अलावा एक भी पेड  लगाने की चिनता आज भी मानव को नहीं है।

कई तरह से हम पर्यावरण को प्रदूषण करते है तो हम यही सत्य समझना चाहिए की आनेवाले कुछ वर्षों में हम स्वच्छ पानी, भूमी आदि खो देंगे। आज प्रदूषण की समस्या इस कदर वढती जा रही है  के इसे रोकना अब हर एक की जिम्मेदारी बन गयी है।

बढते हुए पर्यावरण शोषण को रोकना हमारा करत्वय है। पर्यावरण को बचाने सबसे जरूरी है पर्यावरण की शिक्षा, इससे द्वारा पर्यावरण के प्रति लोगों में प्रेम और सदभावना को उत्पन्न किया जा सक्ता है। हमें नमारे पर्यावरण को हरा- भरा वनाने के लिए अधिक से अधिक नए पेड- पौधे लगाना चाहिए। वह हर एक मानव का दायित्व है।

जब तक हम दूसरों पर निरभर हैं तो यह असंभव है हमें पर्यावरण की सुरक्षा के लिए अपने घरों से शुरुयत करनी होगी जब तक हम खुद से इस कार्य में नहीं लग्ऐ तब तक यह बेकार है। जैसे कचरे की मात्रा को कम करना और उसको निपटारा करना, प्लास्टिकों को फेंकना रोक करना, पुराबी  वस्तुवों को पुन: प्रयोग में लेना। दुषित जल को फिल्टर द्वारा उपयोग योग्य बनाना और जल की बर्बादी को रोकना, बिजली का कं प्रयोग करना, ऊर्ज संरक्षण करना आदि।

हमें पर्यावरण दिवस वढपर हिस्सा लेना चाहिए और ज्यादा से ज्यादा लोगों को इसके पेरित कर उन्हें पर्यावरण के महत्व में वताना चाहिए।

पारवती पी
X F

# വായന കുറിപ്പ്_പ്രേമലേഖനം

പ്രശസ്ത കഥാകൃത്തും നമുക്ക് ഏറെ പരിചിതനുമായ ഒരാളാണ് വൈക്കം മുഹമ്മദ് ബഷീർ.ബഷീറിന്റെ ഏറ്റവും പ്രശസ്തമായ കൃതികളിലൊന്നാണ് പ്രേമലേഖനം.1942 ൽ തിരുവനന്തപുരം സെൻട്രൽ ജയിലിൽ വെച്ച് ബഷീർ എഴുതിയ സമാഹാരമാണിത്.തന്റെ സാധാരണ ജീവിതശൈലി ഭാഷകളിൽ എഴുതിയ ഈ സമാഹാരം ഏറെ മനോഹരമാണ്.നവീനഭാഷാ സാഹിത്യത്തിലെ ഒരു അത്ഭുതോദയമാണ് ബഷീറും ബഷീറിന്റെ കൃതിയും.

രണ്ടു കഥാപാത്രങ്ങളെ മാത്രം പ്രധാന്യമായി ഉപയോഗിച്ച് അവർ തമ്മിലുള്ള സംഭാഷണങ്ങളിൽ പ്രദർശിപ്പിക്കുന്ന വൈദഗ്ദ്യം കർക്കശമായ ഒരു നിരൂപണ തോതുപയോഗിക്കുന്നവരെപ്പോലും തൃപ്തി പ്പെടുത്തുന്നതിനു പറ്റിയവിധത്തിൽ സൂക്ഷ്മവും ഭദ്രവുമായിരിക്കും.

കേശവനായരെന്ന ഒരു യുവാവ് സാറാമ്മ എന്ന യുവതിയെ ഇഷ്ടപ്പെടുന്നതാണ് പ്രേമലേഖനത്തിന്റെ ഇതിവൃത്തം.പെറ്റമ്മ ഇല്ലാത്ത സാറാമ്മക്ക് ചിറ്റമ്മയാൽ ഭരിക്കപ്പെടുന്ന പിതാവുമൊന്നിച്ചുള്ള താമസം വേനലിൽ അണിഞ്ഞ രോമ കഞ്ചുകംപോലെ അനുഭവപ്പെടുന്ന കാലമാണ്.

ഈ കാമുകി കാമുകന്മാരുടെ സംഭാഷണങ്ങളെല്ലാം എല്ലാ അവസരങ്ങളിലും സ്വാഭാവികമായും ഫലിതവുമായിട്ടുണ്ട്.സാമുദായിക സൗഹാർദതിനോ സഹോദര്യത്തിനോ ഇടിവ് തട്ടുന്ന യാതൊരു വാക്കോ വാചകമോ ഇല്ല.കഥ വായിച്ചു കഴിയുമ്പോൾ സാറാമ്മയെ പോലുള്ള ഒരു മകൾ ഉണ്ടായിരുന്നെങ്കിൽ എന്ന് വിചാരിച്ചു പോകുന്ന മാതാപിതാക്കളുണ്ടാകും.

**പ്രിഡോറ**

സാറാമ്മ ഇതിലെ ഒരു കഥാപാത്രം മാത്രമായി ഇന്നും നിലകൊള്ളുന്നു.ഏതോ ഇരുട്ടിൽ ഒറ്റയ്ക്ക് നിന്ന സാറാമ്മ എന്ന കഥാപാത്രം വെളിച്ചത്തിലേക്ക് കടന്നു വരുന്നു.തെളിഞ്ഞ കലാ കൗശലത്തെ ഭംഗിയായി നിയന്ത്രിക്കേണ്ടതെങ്ങനെ എന്നതിന് മതിയായ ഉദാഹരണമാണ് ഈ പ്രേമലേഖനം.ഈ സമാഹാരം വളരെ മനോഹരമാണ്.

ദേവപ്രിയ എം
9A

# ഒറ്റപ്പെടലിലേക്ക് എത്ര ദൂരം

ഉമ്മാ!

എന്തെടാ ചെർക്കാ?

ചച്ച ഉണർന്നു. അവളെ ഉറക്കണോ?

വേണ്ട

വയനാട്ടിലെ ഒരു മലപ്രദേശത്താണ് അബുവും തന്റെ ഉമ്മയും പിന്നെ അവന്റെ രണ്ടു വയസ്സ് പ്രായമുള്ള അനിയത്തിയും താമസിക്കുന്നത്. അബുവിന്റെ അനിയത്തി ജനിച്ച മൂന്നു മാസം കഴിഞ്ഞപ്പോഴാണ് അബുവിന്റെ ഉപ്പ മരിച്ചത്.

ആനക്കുത്തിയാണ് മയുത്തായതാണെന്നാണ് സംസാരം.

രാവിലെ തന്നെ അബു എഴുന്നേറ്റു.തിങ്കൾ മുതൽ വെള്ളി വരെ 7 മണിക്ക് എഴുന്നേൽക്കുന്ന അഞ്ചു ശനിയും ഞായറും 6 മണിക്കേ എഴുന്നേൽക്കും. കാരണം രാവിലെ കളിക്കാനാണ്. ഇന്ന് ശനിയാഴ്ചയാണ് പതിവുപോലെ അബു രാവിലെ എഴുന്നേറ്റു. അത് ഒരു മഴക്കാലമാണ് 2018 ആഗസ്റ്റ് എല്ലായിടവും കണ്ണീരിൽ മുഴുകിയ ദിവസങ്ങൾ പ്രളയം അബു രാവിലെ തന്നെ പത്രം എടുത്തു. ഇടുക്കിയിൽ ഉറുൽ പെട്ടത് 42 മരങ്ങൾ കൊല്ലത്ത് വീടുകൾ അപദ്രശ്യം വീടുകൾ മണ്ണിനടിയിലേക്ക് താഴ്ന്ന് പോകുന്ന എല്ലായിടത്തും രക്ഷകരായി മിൻ പിടിത്തക്കാർ എല്ലായിടത്തും കരയിപ്പിക്കുന്ന വാർത്തകൾ ഉമ്മാ ഞാൻ കളിക്കാൻ പോയിട്ട അ ബു നീ ആ ഗംഗാതരോട്ടന്റെ വിട്ടി നടുത്ത് കളിക്കണ്ട അവിടെ ഉരുൾപൊട്ടൽ സാധ്യതയുണ്ടെന്ന് മിനിയാന്നടുക്കം ഓഫിസ് മാസ്റ്റർ വന്നപ്പോൾ പറഞ്ഞു ശരി ഉമ്മാ .വാച്ചുവിന് ഉമ്മയും കൊടുത്തു കളിക്കാൻ പോയി അവൻ നെ വിളിക്കാൻ പോയി. അമ്മച്ചി ഞാൻ പോന്ന്.നിനക്ക് നീയാശ്രു ശിമേച്ചിയുടെ അടുത്ത് അളിച്ചോട്ട അബും .ആ മറിയാൻറി .അവർ ശ്രുശിലോ ച്ചിയുടെ അടുത്ത് പോയി .ശ്രു ശില്ലാച്ചി ഞങ്ങളിവിടെ കളിക്കുന്ന ട്ടാ നിനക്ക് കറുത്തൻ തൊട്ടേങ്ങളെ മറ്റന്ന മിനിയും ഓളും വരുന്നുണ്ട് ഞാൻ ഇവിടെ വ്യക്തി യാക്കുന്നില്ലേ അവൾ വന്ന് പോകുന്നതുവരെ ഒറ്റയങ്ങളെ ഈ ടെ കണ്ടു ട ട്ടാമിനിയോച്ചി വരുന്നുണ്ടേ. എന്തേ കാണാൻ പുതിയായോ വിട്ടോയി ട്ന്ന്

അവർ ഗ്രൗണ്ടിൽ നിന്ന് കളിക്കുമ്പോ എല്ലാവരും ഓടുന്നത് കണ്ടു. അബു എല്ലാവരെടും കാര്യം തിരക്കി എന്താ ചേട്ടാ എന്താ .പെട്ടന്ന് നല്ല മഴ വന്നു .അപ്പഴേ തകരഞ്ഞുകെണ്ട് ശ്രു ശിലലേച്ചി ഓടി വന്നു. വാ മോനെ വാവ വേഗം വാ.അബു പെട്ടന്ന് പിന്നാലെ ഒടി.എല്ലാവരും അബുവിന്റെ വിട്ടിന്റെ പരിസരത്തെക്കാണ് ഓടുന്നത്. അപ്പോഴതാ അപ്പുവിന്റെ വിട്ടിന്റെ പരിസരത്ത് കുന്നിടിഞ്ഞ് ഉരുൾ പെട്ടിയിരിക്കുന്ന .വിടും അബുവിന്റെ അമ്മയും അനിയത്തിയും മണ്ണിനടിയിലായി.അങ്ങനെ ആ മൺ കുമ്പാരത്തിനും മുൻപിൽ അവൻ നിശ്ചലനായി.

സംഗിത്. ടി
9C


adithyan
10G

# मनुष्यता

तू  ही नारी मनुष्यता का मूर्तिभाव
तू ही प्यार का भण्टार.... प्यार का भण्टार
मदद करने की इच्छा से, तू औरों की
जीवन बचाने की इच्छा से,
तू ही बन गई शहीद
तू ही बन गई शहीद
आत्म समर्पण है नारी
आत्म समर्पण है नारी |

तू हि मनुष्यता का  मूर्तिभाव !
    अपनी काम पर अटल रहके
    औरों की जीवन बचाना चाहके
    अन्त में तेरा जीवन ही गिर गई
    मृत्यू की गोद में |
बिना सोचे तू अपने निरीह बच्चों को
बिना सोचे तू अपने प्यार परिवार को
दूसरों के जीवन बचाने के काम में
टूब गई तू अपने काम में |
अन्त में तू ही बन गई याद में,
अन्त में तू ही बन गई याद में |

तू हि मनुष्यता का  मूर्तिभाव
तू ही प्यार का भण्टार
मानव जी रहे हैं अपनी याद में
मानव कभी भी नहि भूलेंगे तुम्हें

जी रही है तू केरल के मन में
अमर रहेरी तेरा नाम,
अमर रहेरी तेरा नाम |

लीला. के. वी

# മഴ

അന്നു പെയ്ത മഴ/ഞാൻ കണ്ട മഴ

മനസ്സിൽ ഗൃഹാതുരത്വത്തിന്റെ സ്മരണകൾ ഉണർത്തി കൊണ്ട് വീണ്ടും മഴപെയ്തു. വരവേൽക്കാൻ ഞാനും ആകാശത്ത് നിന്ന് കൊട്ടിയിറങ്ങുമ്പോൾ ഭൂമിയുടെ വരണ്ട മണ്ണിലേക്ക് ആദ്യം തുള്ളികൾ പതിച്ചപ്പോൾ പുതിയ മഴയുടെ മണം ആസ്വദിച്ചിരുന്നു .കൂടെ കളിക്കാൻ ഞാനും കൂട്ടുകാരും. മഴയ്ക്കൊപ്പം വരുന്ന കാറ്റും സന്തോഷത്തോടെ തലയാട്ടുന്ന മരച്ചില്ലകളും എന്തൊരു രസമായിരുന്നു. ചൂരൽ എടുത്ത് ഓടിവരുന്ന അമ്മയെ കാണുമ്പോൾ വീണ്ടും കൂടുതൽ മഴയെ ത്തേക്ക് ഓടിക്കളിക്കും. കൂട്ടുകാരോടൊപ്പം വയലിൻ വരമ്പിലൂടെ ഓടി തോട്ടിലും വയലിലും തോർത്തു കൊണ്ട് മീനിനെ പിടിച്ചിരുന്നു ആ കാലം .എല്ലാം ഇന്ന് മാഞ്ഞുപോയി .തോടുകളും വയലുകളും ഇന്ന് എങ്ങുമില്ല കുന്നുകളും നികത്തി, മരങ്ങൾ മുറിച്ച് ,വയലുകളും വരമ്പുകളും അപൂർവ്വമായി. നഷ്ടപ്പെട്ട പ്രകൃതിയുടെ സന്തുലനം. ചൂട് അസഹ്യമായി. ആകാശമൊന്നും പൊട്ടി കരഞ്ഞിട്ട് നാളേറെയായി. ചൂടിൽ കത്തിയെരിയുന്ന ജീവജാലങ്ങൾ .വരൾച്ച അവരെ കാർന്നു തിന്നു. മഴയ്ക്കായി പ്രാർത്ഥിച്ചു. പക്ഷേ, ചെയ്തികൾ കാരണം പ്രകൃതി രൗദ്ര ഭാവം പൂണ്ടു. അടിക്കടി രൂപം കൊള്ളുന്ന ന്യൂനമർദ്ദ ങ്ങൾ.. മഴയുടെ രൂപവും ഭാവവും മാറി. കാറ്റ് ചുഴലി ആയിമാറി. സ്നേഹമായിരുന്ന മഴ കലിതുള്ളി പെയ്തു. അത് സംഹാര താണ്ഡവമാടുന്നു. കുന്നുകൾ ഇടിയുന്നു , പുഴകൾ വഴിമാറി ഒഴുകുന്നു ,നിലയ്ക്കാത്ത മഴ. ഒടുവിൽ പ്രളയത്തിന്റെ രൂപത്തിലേക്ക് വഴിമാറി. വീടുകളും കെട്ടിടങ്ങളും ഇല്ലാതായി. ജാതിയും മതങ്ങളും എല്ലാം മറന്ന് അവർ ഒറ്റക്കെട്ടായി. തിരിച്ചുവരുമോ ഇനി ആ പഴയ മഴക്കാലം?പുനർജനിക്കുമോ ഇടിഞ്ഞുവീണ് കുന്നുകളും,വറ്റിവരളുന്ന പുഴകളും, പറമ്പായി മാറിയ വയലുകളും,? പ്രകൃതിയെ രക്ഷിക്കുവാൻ അവൻ ഒന്നിക്കുമോ? നമുക്ക് പ്രാർത്ഥിക്കാം നല്ലൊരു മഴക്കാലത്തിനായി .

സന വിനോദ്

8F

# In the wake of a monsoon dream

The bus stop was fully crowded tiny rain drops clinked to the leaves and trees shined as if a diamond by charming rays of sun. It passed through the hole and pores of huge cotton masses of black clouds spread deep in the sky like as inscription which can't be ready by Normal human senses. The rain has just stopped it's furry. The narrow stream behind the bus stop was running in a hurry as if a man running behind his bus in a futile attempt. The scenic beauty of nature was mirrors of eternal monsoon chillness. Children were so engaged in making paper boats to make them flow in the nature mirror. Children of a higher age was keen interested in sharing their memories of a long school day with their companions. Their sounds were refracted by the new polished walls of bus stop with overgrown mosses. Thundering and terrible sounds of the rain, gurgling sound of the fast flowing stream, sounds of the children it seemed to others terrible and horrible but the bus stop was alive as it was on every days at 4pm when the long bell rang in the school.

The bus arrived children entered in it without a queue of order. The bus was stuffed with children and the ticket examiner seemed to be really angry as they were just travelling by a concession of just 2 rupees. The windows of the bus was closed and there didn't had a space for air to enter into it. So she was fully exhausted after the long day in school and she was utterly panting for breath. Now in the bus stuffed with people, their foot with the muddy waters came out from the nearby drainage. Most of the people were wet. It caused an inexpressible hardness of irritation. A smell of piercing effect to the nostrils came into the bus and spreaded as if ink spreading in water. The bus was waiting for the solitary soul of fresh air to make a soothing effect to the sick smelled nostrils. The passengers were wretched and tired but still the rain continued to dance with it's exotic grace and all force she had.

Through the half open windows of the bus she could see immodest greenery of the nature that sprang into her eye. Trees danced along the head shattering it's arms left and right. The green head of the trees made her as if a fairy princess dancing lonely in the

monsoon chillness. Children played and splashed themselves in the narrow streams along the beautiful heart catching sites of rice field and in the special muddy pools in the gutters of the road. An incredible site muddy pools in the gutters of the road. An incredible site of Kerala. The gentle breeze stuffed with the monsoon chillness and a shivering coldness entered the crowded bus and covered it like an invisible blanket. Malu was incredibly happy as she stood like an infant watching the miracles of nature from a crowded bus stop.

The atmosphere had the smell of insane greenery. Shutter clips and were opened. She was keen to look out side. Her stop is the next one she wanted to step out from the imitating stuffed crowded bus. She felt the bus as dampened into the soil of 'misfortune' she moved to the step through which ladies board and unboard the bus. The town was drenched in water. Roads and potholes couldn't be identified water from the drainage come out with exhausting sick sweet smell. She dragged herself through water. She pressed her nose as the exhausted smell entered to it as stream coming from a 'fresh' breakfast. Her foot was fully bitten by walking through the flacky water. Pores and holes could be seen in it. The warmth of the red blood made her to cry. But she couldn't cry as she looked at the nature flowers and buds adorned and embellished by the pearls of early monsoon. The buds that are keen to blossom danced in the slanting silver chains of rain. The sunlight tried to peep through the blackish flack masses of clouds and the graceful rain. Tiny mosses spangled in the chest of earth. Her foot were really lazy to move from the solace of the scenic beauty of earth. The maternity of earth bounded all the creatures together and it looked as if the heavenly beauty of earth which was as if a paradise in the lap of the mother earth. Her foot were really lazy to move from the solace of the science beauty of earth.

She walked peering through the stunning beauty. She moved some steps forward. She noticed a field of yellowish green mellow wishes and longings of humanity. The farmers were engaged in their work with so much dedication as they didn't identified to stealth by approach of monsoon pearls. The greenery cooled her eyes and her heart. Her hearts solitary bird sang in mangoes teen of her heart. Song of a gracefully dancing sorrowful rain.

NAVANEETHAJAYAN

+1 SCIENCE

# പെൺകരുത്ത്

പെൺബുദ്ധി പിൻബുദ്ധി അല്ല. പെണ്ണൊരുവൾ മതി ഈ ലോകത്തെ മാറ്റാൻ. ഇതുകൊണ്ടൊന്നും തീരുന്നില്ല പെണ്ണിന്റെ ജീവിതം. ഈ സമൂഹത്തിൽനിന്ന് തന്നെ വേർതിരിക്കപ്പെട്ടാലും പെണ്ണൊരിക്കലും വേർതിരിക്കപ്പെടില്ല.

സമൂഹത്തിൽ നന്നായി തന്നെ ഇടപെടുന്ന സ്ത്രീയോട് ചെന്നായ്ക്കൾ ചെയ്യുന്ന ക്രൂരത നാം സമൂഹമാധ്യമങ്ങളിൽ കാണുന്നതാണ്. അമ്മയെയും പെങ്ങന്മാരെയും തിരിച്ചറിയാൻ കഴിയാത്ത നിരവധി പേർ സമൂഹത്തിൽ മറവിൽ ഒളിച്ചിരുന്ന അവളെ വേട്ടയാടുന്നു. ഇനിയും കാണാതെ പോകരുത് ഇത്തരം ആളുകളെ. സമൂഹത്തിൽ ഒരു പെണ്ണ് അവഗണിക്കപ്പെട്ടാൽ അത് പറഞ്ഞു നടക്കാൻ സമൂഹത്തിലെ എല്ലാവർക്കും കഴിയും. എന്നാൽ അവർക്കുവേണ്ടി ഇറങ്ങി തിരിക്കാൻ ആരും തുനിയുന്നില്ല. അതാണ് ഇന്നത്തെ സമൂഹത്തം! അവൾക്ക് അഭയം നൽകിയ, അവളെ പരിചരിച്ച ഗർഭപാത്രം തന്നെ അവളെ അവഗണിക്കാൻ കൂട്ടുനിന്നപ്പോൾ അത് അവൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ഇതെല്ലാം കണ്ടിട്ടും പ്രതികരിക്കാതിരിക്കുന്നവരെ ആദ്യം ശിക്ഷിക്കണം. പെറ്റമ്മ തള്ളിക്കളയുമ്പോൾ അത് മറ്റെന്തിനേയുംക്കാൾ അവൾക്ക് സഹിക്കാനാവില്ല.

സ്വന്തം മക്കളെ മൃഗീയമായി പീഡനത്തിന് ഇരയാക്കുന്നവരെ 'അച്ഛൻ' എന്ന് വിളിക്കാൻ കഴിയുമോ? അച്ഛൻ എന്നാൽ സ്വന്തം മക്കളെ കാക്കുന്നവൻ എന്നാണ്. അല്ലാത്തവനെ മൃഗം എന്നാണ് വിളിക്കേണ്ടത്.

സമൂഹത്തിൽ മറ്റെല്ലാം നടന്നിട്ടും, ആര് എന്ത് പറഞ്ഞാലും, അതിനെയെല്ലാം അതിജീവിക്കുന്നവളാണ് 'പെണ്ണ്'. ഒരു പുരുഷൻ മാത്രമായാൽ ലോകം പൂർണമാകില്ല. ഏതൊരു പെണ്ണും കുതിച്ചുയർന്നാൽ ഉയരങ്ങൾ കീഴടക്കാൻ കഴിയും. കേവലം ചിറകുകളേ നഷ്ടമായിട്ടുള്ളൂ. സ്വപ്നങ്ങൾ നഷ്ടമായിട്ടില്ല. ചിറകുകൾ വീണ്ടും മുളയ്ക്കും. പെണ്ണിനും ഒരു

പുരുഷനെപ്പോലെ തന്നെ ഒരു ജീവിതവും, സ്വപ്നങ്ങളും ഉണ്ട്. ലോകത്തിലെ ഏറ്റവും മികച്ച യുവതികളെ വാർത്തെടുക്കുന്ന രാജ്യമായി ഫിൻലൻഡ് ലോകത്തിനുമുന്നിൽ തലയുയർത്തി നിൽക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ വേൾഡ് ഹാപ്പിനസ് ഇൻഡക്സിൽ തുടർച്ചയായി അവർ ഒന്നാം സ്ഥാനം നിലനിർത്തുന്നു. മൂന്നാമത്തെ തവണയും ഒരു പെണ്ണ് അവരുടെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെടുന്നു. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മന്ത്രി അവരുടേതായിരുന്നു.

ഇത് കേവലം ഫിൻലൻഡിന് മാത്രം കഴിയുന്ന കാര്യമല്ല. നമ്മൾ ഭാരതീയർക്കും കഴിയും. പക്ഷേ അവയെ പറക്കാൻ അനുവദിക്കണം. ഉയരങ്ങൾ താണ്ടി അവൾ പറന്നുയരട്ടെ.

സമൂഹം നന്നാവണം. പെണ്ണിനെ ലൈംഗികമായി പീഡിപ്പിക്കുന്നവന് കടുത്ത ശിക്ഷ തന്നെ നേടിക്കൊടുക്കണം. രാഷ്ട്രീയം പറയുന്ന നേതാക്കളെയല്ല, ശരിയായ നിയമനടപടികൾ കൊണ്ടുവരുന്ന നേതാക്കളെയാണ് നമുക്കാവശ്യം. ഇനി ഒരു പെണ്ണും നമ്മുടെ രാജ്യത്ത് പീഡനത്തിന് ഇരയാകരുത്. പെണ്ണായി ജനിക്കുന്ന ഓരോരുത്തർക്കും പറയാൻ കഴിയണം "ഒരു പെണ്ണായി ജനിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു". അതിനായ് നമ്മുടെ സമൂഹം മാറിയേ തീരൂ. ....

സാന്ത്വന ജേയിംസ്

9F

## പ്രിഡോറ



# 2019- ലേക്ക് ഒരു തിരിഞ്ഞുനോട്ടം

- കരിമ്പിൻനീരിനെ ദേശീയ പാനീയമായി പ്രഖ്യാപിച്ച രാജ്യം?
  ***പാകിസ്ഥാൻ***
- ബ്ലോക്ക്ചെയിനെപ്പറ്റി പഠിക്കാൻ ലോകബാങ്കും ഐ. എം. എഫും ചേർന്നിറക്കിയ പുതിയ ടോക്കൺ?
  ***ലേണിങ് കോയിൻ***
- ഓക്സ്ഫഡ് സർവകലാശാലയുടെ ബോർഡിലെ മെഡൽ ലഭിച്ചത് ആർക്ക്?
  ***അമർത്യസെൻ***
- 2020-ലെ ആർക്കിടെക്ചറിന്റെ ലോക തലസ്ഥാനമായി യുനെസ്കോ തിരഞ്ഞെടുത്തത്?
  ***റിയോ ഡി ജനൈ റോ (ബ്രസീൽ)***
- ഒപെക്കിൽ(OPEC) നിന്ന് അംഗത്വം പിൻവലിച്ച രാജ്യം?
  ***ഖത്തർ***
- മലാല യൂസഫ് സായിയുടെ പുതിയ പുസ്തകം(2019)?
  ***വി ആർ ഡിസ്പ്ലേസ്ഡ്(we are displaced)***
- ഐക്യരാഷ്ട്രസഭ 2019-നെ എന്തിന്റെ അന്താരാഷ്ട്രവഷമായാണ് ആചരിച്ചത്?
  ***ആവർത്തനപട്ടികയുടെ(periodic table)***
- ഫെയ്സ്ബുക്ക് പുറത്തിറക്കുന്ന ഡിജിറ്റൽ കറൻസി?
  ***ലിബ്ര***
- ഫാനി ചുഴലിക്കാറ്റിന് പേര് നൽകിയത്?
  ***ബംഗ്ലാദേശ്***
- ഇന്ത്യൻ വ്യോമസേന ഏത് രാജ്യത്തുനിന്നാണ് ചിനക്ക് ഹെലിക്കോപ്റ്ററുകൾ വാങ്ങുന്നത്?
  ***അമേരിക്ക***

***റിയ തെരേസ്***

***IX F***

# *COMPUTERGLOSSARY*

ABORT: Discarding or cancelling a computer work in the mid way .

Accumulator: A local storage area is called register in which the result of an arithmetic or logic operation is formed.




Analog: A presentation of numeric quantities which are used for continuously changing physical qualities as reference analog computer. A former computer which operate with numbers represented by corresponding voltage rotations, or other physical qualities.

Bucket: A storage cell in which data may be accumulated.

CAX: Community automatic exchange.

CCB: Command control box.

DARPA: Defence advanced research projects agency.

DFC: Data flow control.


UPC: Universal product code.

VLB: VTAM Services local block.

ALEENA SUNNY IX E

## പ്രിഡോറ





# സ്വപ്നം

മൊട്ടിട്ട സ്വപ്നങ്ങൾ
കൊരുത്തെടുത്ത
നക്ഷത്രമാലകൾ...

ഇരുട്ടിലെടുത്തു
ഞാൻ അണിഞ്ഞു...

ആ തിളക്കത്തിൽ
ലോകം കണ്ടു..

ഏറെ ദൂരം
പോകാനായ്....


മുള്ളുകളിൽ
നോവാതിരിക്കാനായ്...

നക്ഷത്രക്കുഞ്ഞുങ്ങൾ
വഴികാട്ടി...

വീഴാതെ
തളരാതെ
തെളിക്കും വെളിച്ചത്തിൽ...

നടക്കുന്നു ഞാൻ
മുന്നോട്ട്...

അനവദ്യ. വി. നായർ
VII C



# കണ്ണീർ പ്രളയം

നനവായി പെയ്തമഴ കടൽ പോലെ ഒഴുകി കാറ്റിൻ ദിശയിൽ - കവിഞ്ഞൊഴുകി

മനുഷ്യരെ നിങ്ങൾ കാണിച്ച തെറ്റിന്റെ
പ്രതിഫലമായിത -
കണ്ണീർ മഴ

വറ്റാത്ത കണ്ണീർ പോൽ പ്രളയക്കെടുതിതൻ രാക്ഷസ പൂതമായി ചിരിക്കും മഴ

മനുഷ്യരെ നിങ്ങളീതെറ്റുകൾ ആർക്ക നൽകും

മഴയിതാ പ്രളയമായി ഭൂമിയിൽ വിടരുന്ന മനുഷ്യൻ ഓരോന്നായി മരിച്ച വീണു

എനി എന്ത് പ്രതികാരം എങ്ങനെപ്രതികാരം ഒന്നും
മനുഷ്യരറിഞ്ഞില്ലയോ

പ്രളയത്തിൽ പെട്ടു മരണമടഞ്ഞവർ വെള്ളത്തിൽ മുങ്ങി താഴ്ന്നിടുന്നു

കണ്ണീർ നനവായ്
കണ്ണീർ പുഴയായി
കണ്ണീർ കടലായി
പെയ്തമഴ............

രജീഷ്മ രാജീവ്
9. E

# പിൻതുടരുന്നവർ



എന്റെ മുന്നിൽ
വശങ്ങളിൽ നിന്ന്
എന്റെ ചെയ്തികളെ
അനുകരിച്ചാലും
കാൽക്കീഴിൽ
ഞെരിഞ്ഞമർന്നു
കുതറിച്ചാടിയും
ഭയപ്പെടുത്തിയാലും
എന്റെ യാത്രകളെ
രഹസ്യങ്ങളെ
ജാഗ്രതയോടെ പിൻതുടർന്നാലും
തുറിച്ച കണ്ണുകൾ
മനസ്സിന്റെ ഉള്ളറകളിലേക്ക്
ചുഴിഞ്ഞിറങ്ങി
അഴിയാക്കുരുക്കുകളെ
വലിച്ച പുറത്തെടുത്ത്
വെളുച്ചത്തിട്ടാലും

എന്റെ സ്വപ്നങ്ങളെ

ചവിട്ടിയരയ്ക്കാൻ

നിനക്കു കഴിയില്ല

മീനാകുമാരി സി എം

# *കടൽക്കരയിലെ വീട്*

ഏഴാം നിലയിലെ

ഫ്ലാറ്റ് കണ്ടോ....

കടലിനെ നോക്കി

കടൽക്കാറ്റേറ്റ്...

ചുവപ്പുരാശിയിൽ

മദിച്ചിരുന്നാടാൻ

ഞാൻ കണ്ടെത്തിയ വീട്...



ഇരിക്കുമ്പോൾ കേൾക്കാം...

കടലോളങ്ങൾ...

പിറുപിറുക്കുന്നത്...

ഒറ്റയ്ക്കാവുമ്പോ

പൊട്ടിക്കരയുന്നത്...

ആ കടലിലേക്ക് തുറക്കുന്ന

വാതിലുകളും ജനലുകളും

ഞാൻ അടച്ചു വെച്ചു...

ഉള്ളിലുണ്ടല്ലോ...

ആരും കാണാക്കടൽ

ഗർജ്ജിച്ച്

ആഞ്ഞടിച്ച്

പ്രിഡോറ

നോവു കൂട്ടി... കൂട്ടി...
എന്നാൽ ചിരിച്ചേ

നീലയായ് തെളിയുമ്പോൾ
ഉൾക്കടൽ...
കൊരുത്ത വലയിൽ
കുടുങ്ങി....
അകമേ ആർത്തലച്ച്
പുറമേ നീലയായ് തെളിഞ്ഞ്....

അനിത. കെ
എച്ച്. എസ്. ടി മലയാളം

# കാസർഗോഡൻ ഭാഷ

ബേം. - വേഗം

ജാസ്തി. - അധികം

ഓർക്ക് - അവർക്ക്

ഓർ. - ഭർത്താവ്

ഓൾ. - അവൾ

ഓള്. - ഭാര്യ

ഓന്. - അവൻ

ജോർ. - ഉഷാർ

പൊരെ. - വീട്

അവ്വുത്ത്. - അകത്ത്

ബെരുത്തം - അസുഖം

ബയി. - വഴി

പൊണ്ടം. - കരിക്ക്

ലാക്കിട്ടർ. - ഡോക്ടർ

ബെയ്ച്ച. - കഴിച്ചോ

പാങ്ങ്. - ഭംഗി

മീത്തെ. - മുകളിൽ

പൊയെ. - പുഴ

പര്ത്. - തപ്പുക

ജാകെ. - സ്ഥലം

ബൾപ്പ്. - ബൾപ്പ്

അതിസ്യം. - അതിശയം

ബർത്താനം -വർത്തമാനം

ഒക്കം. - അതേ

കയ്യ്ന്നില്ല. - വയ്യ

മാച്ചി. - ചൂൽ

മോന്തി. - സന്ധ്യ
ബെടക്. - ചീത്ത
കച്ചറ. - മാലിന്യം
നായി. - നായ
കോയി. - കോഴി
കാലിയായി. - തീർന്നു

അങ്ങന്നെ - അങ്ങനെ തന്നെ
പുങ്ങിയത് - പുഴുങ്ങിയത്
പൊയ്യെ. - മണൽ
ആടെ. - അവിടെ
ഈടെ. - ഇവിടെ
അപ്പറം. - അപ്പറം
ഇപ്പറം. - ഇപ്പറം
ആട്ക്ക്. - അവിടേക്ക്
ബായിച്ചാ. - വായിച്ചോ
ബല്ല്യെ. - വലിയ
കുട്ടീനാ. - കുട്ടിയോ
പോയീനാ. - പോയോ
ബന്നീനാ. - വന്നോ
കേട്ടീനാ. - കേട്ടോ
പൈസക്കാറ് -പണക്കാർ
അലമ്പ്. - പ്രശ്നം
കൊട്ടെ. - സഞ്ചി
കീയ്. - ഇറങ്ങ്
ബോളൻ. - വിഡ്ഢി

ഗ്ലാഡിസ് തോമസ് , മിഥുൻമനോജ്, അൻഷിഫ്, ആര്യ IX STANDARD

# ഐ വിൽ ഡൂ

സ്നേഹത്തിന്റെ നൈർമല്യം ആതിഥേയത്വത്തിന്റെ വിനയം വളച്ചുകെട്ടില്ലാത്ത ഭാഷണം മറച്ചുവയ്ക്കാത്ത പെരുമാറ്റം ഇങ്ങനെയൊക്കെയാണ് ഇന്നത്തെ ഗൃഹസന്ദർശനത്തെ എനിക്ക് അനുഭവപ്പെട്ടത്. രക്ഷിതാക്കൾ തോല്ക്കുന്നിടത്ത് അധ്യാപകൻ വിജയിക്കുകതന്നെ ചെയ്യും. ആവർത്തിച്ചു വരുന്ന ജീവശാസ്ത്രത്തിലും വിരസത അനുഭവിക്കുന്ന കുട്ടികൾ, കണക്കുകൂട്ടലിൽ പൊരുത്തക്കേടുകൾക്കിടയിൽ ഒരു പുഞ്ചിരിക്കു വേണ്ടി കാത്തിരിക്കുന്ന ഇളം മനസ്സുകൾ, സായിപ്പുമാർ ആകാനും ഹിന്ദുസ്ഥാനി ആകാനും പറ്റാതെ തനി മലയാളിയായി ഇരിക്കുന്നവർ, ഇങ്ങനെ പോകുന്ന എന്റെ കുട്ടികൾ എല്ലാം വ്യത്യസ്തം 'പ്രതിജന വിഭിന്നം' ശരത്ത് ഒഴികെ മറ്റെല്ലാവർക്കും പഠന അനുകൂല സാഹചര്യം ശരത്തിന്റെ ഇപ്പോഴത്തെ ഭൗതികസാഹചര്യം അസ്വസ്ഥത ഉണ്ടാക്കുന്നു. മിടുക്കിയായ അവന്റെ ചേച്ചി പഠിക്കാൻ അവനെ സഹായിക്കും സ്വർണ്ണനിറമുള്ള ആമ ഉണ്ടെന്ന് അവനിലൂടെ ഞാനറിഞ്ഞു.

അരികത്ത് ഇരുത്തി കണ്ണിലേക്ക് നോക്കിയുള്ള ഒരു സംസാരം ഒരു ചെറുചിരി അത്രയും മതി ഞാൻ ഒറ്റ അല്ല എന്റെ കൂടെ നിന്ന് എന്നെ സഹായിക്കാൻ എന്റെ അധ്യാപകരും ഉണ്ടാകുമെന്ന് ആത്മവിശ്വാസം അവരുടെ ഉള്ളിൽ ഉണ്ടാക്കാൻ. അത് ഞാൻ തെളിഞ്ഞു കണ്ടു സന്തോഷത്തോടെ ഓരോ വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോൾ ആത്മവിശ്വാസത്തിന്, മനോധൈര്യംത്തിന്റെ, സ്നേഹത്തിന്റെ രണ്ടു കണ്ണുകൾ എന്നെ പിന്തുടരുന്നുണ്ടായിരുന്നു. അത് എന്നോട് ഇങ്ങനെ പറഞ്ഞു കൊണ്ടേയിരുന്നു സാർ ഐ വിൽ ഡൂ മൈ ലെവൽ ബെസ്റ്റ്

*വിനോദ് മാസ്റ്റർ*
*എച്ച് എസ് ടി*



# മഹാദുരന്തം

അതാ ദുരന്തം മഹാദുരന്തം
മനുഷ്യരെ ഭീതിയിലാഴ്ത്തുന്ന ദുരന്തം
മഴപെയ്തു മഴപെയ്തു വന്നാ-
ദുരന്തം ഒന്നുമില്ലൊന്നുമില്ലാ
ബാക്കിയൊന്നുമില്ലൊന്നുമില്ല
എല്ലാം ഒലിച്ചുകൊണ്ടുപോകുന്നിതാദുരന്തം
ദുരന്തത്തിനു സാക്ഷിയായ്മാത്രം കുറച്ചുപേർ
മഴയതാ നിർത്താതെ പെയ്യുന്നു, ഭൂമി കീന്തീടുന്നു
വീടില്ല, കൂടില്ല, അന്നമില്ലാർക്കും
എല്ലാവരും ഏകവഴിയിൽ പെരുവഴിയിൽ
ഉറ്റവരോ സ്നേഹിതരോ ഇല്ല
കുന്നുകളിടിഞ്ഞു പുഴകരകവിഞ്ഞൊഴുകി
എല്ലാം ഒലിച്ചുപോയ് ആ ദുരന്തത്തിൽ

മേഘ്ന.എം
൯ എ



# സമാധാന ഭൂമി

ഞാനൊരു പൂവായ് വന്നു ഭൂമിയിൽ
ഒരുപാട് ആശകളുമായി
കാര്യങ്ങൾ കുറെയുണ്ട് ചെയ്യുവാനായ്
ഇതളുകൾ കൊഴിയാതെ നിൽക്കുവാനായ്
സാധിക്കണേ എന്ന പ്രാർത്ഥനയുമായ്
ഞാൻ വന്ന ഭൂമിയിൽ തൊട്ടുണരാൻ
എന്നുമീ ഭൂമിയിൽ ഉണ്ടാകണേ
മുന്നിലും പിന്നിലും കണ്ണു വേണ്ട
എന്നെന്റെ ഭൂമി പറഞ്ഞു തന്നു
സത്യത്തിൻ മണമുള്ള വാക്കാണത്
അതൊന്നുമിന്ന് നടപ്പതില്ലെയ്
അമ്മയും ഭൂമിയും ഒന്നാണ്
രണ്ടമ്മയും പറയുന്നത് സത്യമാണ്
അതിൽ വിരിയുന്ന വേറൊരു പൂവിനു
എൻ മനസ്സാകില്ല എന്തു ചെയ്യാം
പിന്നെയെൻആശകളിവിടെവിരിയിക്കാനാകുമോ
ആകട്ടെ എന്നുള്ള പ്രാർത്ഥനയിൽ
പിന്നിൽ വിരിഞ്ഞ പൂവിനെ കാണുമ്പോൾ ഞെട്ടലുണ്ടാകുന്നു
അമ്മ പറഞ്ഞു കൊടുത്ത വാക്കുകൾ കേൾക്കാതെ
നാടിനെ നാട്ടിനെ ഓർക്കാതെ പോകുന്ന
നിൻ ദുഷ്ട സ്വഭാവങ്ങളെന്തു ചെയ്യും ഞങ്ങളെന്തുചെയ്യും
ഞങ്ങളെ ഭൂമിയിൽവിടരാൻഅനുവദിക്കണമേ

**നിവേദിത എസ്**
8th F

# The Magic  The Rain



I am a cold dropplet
come from the Beautiful
blue sky

I am the dreamy parts
Of two clouds.The two
clouds put me down into the beauty of
Greenland.

I was the happy symbol of all because of my
cold land sweat drops

I am the lovers heart beat
And I am the parts of joy and sadness


When I smile my dreamy drops showers into the green garden .

Then all people drink my cold sweet dreamy water.
The lovers also drink my cold loving water because "I am the part of love"I am the Magic of all and I am the lovers gift
And I am a cold dropplet came(2)

**Rajeeshma**

൯E

# വാത്സല്യം




പാരിലുടനീളം മാനവരി
ലെന്നും ചൂണ്ടികിടപ്പായാ
ണാപുണ്യ വാക്യം...

മാതാവിൻ മുലപ്പാൽ
നടാടെ നുകരവേ
വാത്സല്യചേലാകള -
ണിയുകയാണപ്പോൾ

മാതാവിൻ മാറിലൊ
ന്നാടുന്ന നേരത്ത്
പൈതലിൻ വദനത്തിൽ തുളുമ്പുകയാണാ
വാത്സല്യം

വാത്സല്യവേളകൾ വാരിയെറിയാൻ
കൊത്തിക്കില്ലിന്നാ-
രുമീ ഭുവിൽ

ഗുരുകുല നാഴിക കഴിഞ്ഞെത്തുന്ന
മഴയത്ത്
കുതിർന്ന മേനിയിൽ
തിളങ്ങുന്ന പൈതലിൽ
ചാരേക്കോടിയെത്തി

## പ്രിഡോറ

പുണരുകയാണമ്മ എന്നും വാത്സല്യത്തോടെ...

അല്ലിൽ നിന്നുയർത്തുവാൻ
വാത്സല്യം നുകരാൻ കൂടെയിരിപ്പോ മാതാപിതാക്കൾ

മൃത്യുവിൻ നേരത്തും
മാതാവിൻ വാത്സല്യം
നുകരാൻ കൊതിക്കുമാ
മാനവരൊന്നും....

മാനവരായാലും ജന്തു
കളായാലും വാത്സല്യം വാത്സല്യം തന്നെതാനും.

**സുഭദ്ര ആനന്ദ്**
VIII-G

# വിസ്മരിക്കപ്പെടുന്ന ഗാന്ധിയൻ ആശയങ്ങൾ

ഇങ്ങനെ ഒരാൾ ഈ ലോകത്ത് ജീവിച്ചിരുന്നുവെന്ന് വരുംതലമുറ വിശ്വസിക്കില്ല എന്ന് ' അത്ഭുതപ്പെട്ട് ആൽബർട്ട് ഐൻസ്റ്റീൻ "വിശ്വമഹാത്മാവ്"ജീവിതം 2019 ഒക്ടോബർ രണ്ടിന് 150 വയസ്സ് ഉണ്ടാകുമായിരുന്നു. ലോകമനസ്സാക്ഷിയുടെ ഉമ്മറപ്പടിയിൽ കൊളുത്തിവച്ച ദീപമായി ഗാന്ധിസ്മൃതി തുടരുമ്പോഴും ആ ദീപത്തെ ശരിയായി മനസ്സിലാക്കാത്തവർ ഭാരതവും ഭരണകർത്താക്കളും ആണെന്ന് സങ്കടത്തോടെ വേണം പിറന്നാൾ ആഘോഷിക്കുവാൻ.

എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് പറഞ്ഞ ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നായകനായിരുന്നു. സൗത്ത് ആഫ്രിക്കയിലെ വർണ്ണ വിവേചനങ്ങൾക്കെതിരെ ഉള്ള സമരപ്പരിപാടികൾ അവസാനിപ്പിച്ച് ഇന്ത്യയിലേക്ക് വരാനും ഇവിടുത്തെ സ്വാതന്ത്ര്യ സമരങ്ങൾക്ക് പുതിയമുഖം ആകാനും ഗാന്ധിജിയെ ക്ഷണിച്ചത് ഗോപാലകൃഷ്ണ ഗോഖലെയാണ്. ഇന്ത്യാ മഹാരാജ്യത്തെ ഭരിക്കാൻ ആംഗലേയ സംസ്കാരം വെമ്പൽകൊണ്ടപ്പോൾ ഭാരതത്തിലെ പട്ടിണിപ്പാവങ്ങളുടെ അരിക് ചേർന്ന് നിന്ന് ഗാന്ധിജിയുടെ ശൈലിയിൽ അവർ ആകൃഷ്ടരായി. അദ്ദേഹത്തോടൊപ്പം അവരും സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളായി.

ഇന്ത്യ നമ്മുടെ രാജ്യമാണ്. അതുകൊണ്ടുതന്നെ രാജ്യസ്നേഹത്തിൽ പുലരാൻ നാം കടപ്പെട്ടിരിക്കുന്നു. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ഗാന്ധിജിയുടെ

സന്ദേശം ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കണം.

മരിയ ഷാജി, 8C

# യാത്രാവിവരണം

രാവിലെ ഒരു ഏഴ് മണിയോടെ ഞങ്ങൾ പുറപ്പെട്ടിട്ടുണ്ടാവും. ഞങ്ങൾ കർണാടകത്തിലെ ഒരു ചെറിയ ഗ്രാമത്തിലേക്കാണ് ആദ്യമായി പോയത്. അവിടെയുള്ളവർ ഗോത്രവർഗ്ഗത്തിൽ പെട്ടവരാണ്. അവരുടെ ജീവിതം തികച്ചും ലാളിത്യപൂർണമാണ്. പുല്ലുകൊണ്ടു മേഞ്ഞ ചെറിയ കുടിലുകളിലാണ് അവരുടെ താമസം. ആ കുടിലുകൾ വളരെ ഭംഗിയുള്ളവയുമാണ്. സങ്കേതികമായ വളർച്ചകൾ ഒന്നുമേയില്ല ആ ചെറു ഗ്രാമത്തിൽ. അതുപോലെ , വസ്ത്രവും ലളിതമായിരുന്നു. അവിടെയുള്ളവർ വളരെ സ്നേഹമുള്ളവരുമാണ്. ആ ഗ്രാമവാസികളുടെ തലവനാണ് മൂപ്പൻ.ഞാൻ കഥകളിൽ മാത്രമേ മൂപ്പനെക്കുറിച്ച് കേട്ടിട്ടുള്ളു ആദ്യമായാണ് നേരിൽ കാണാൻ എനിക്ക് സാധിച്ചത്. മൂപ്പന് നല്ല ഉയരവും നല്ല ആരോഗ്യവും ഉണ്ടായിരുന്നു.എന്നാൽ കുറച്ചു പ്രായമുള്ള ഒരു വ്യക്തി കൂടിയായിരുന്നു ആ മൂപ്പൻ.ആ പ്രദേശം സുന്ദരമായിരുന്നു. അവിടെ ഞങ്ങൾ കുറച്ചു സമയം ചെലവഴിച്ചു. പിന്നീട് ഞങ്ങൾ അവിടെ നിന്ന് അവരോടു യാത്ര പറഞ്ഞ് ഞങ്ങൾ യാത്ര തുടർന്നു

അടുത്തതായി ഞങ്ങൾ യാത്ര തുടങ്ങുന്നത് ഒരു ഇടതൂർന്ന ,പച്ചപ്പു നിറഞ്ഞവനത്തില്ലടെയായിരുന്നു.അവിടെ നിറയെ വലിയ വലിയ മരങ്ങൾ കൊണ്ട് നിറഞ്ഞിരുന്നു. ആ കാട്ടിൽ കൂടി ഞങ്ങൾ കുറച്ചു ദൂരമേ യാത്ര ചെയ്തുള്ളു. വളരെ പതുക്കനെയാണ് പോയത് .ഞങ്ങൾ അങ്ങനെ സഞ്ചരിച്ച് എത്തിയത് ഒരു വിശാലമായ സ്ഥലത്തായിരുന്നു. അവിടെ ചുറ്റും പരന്നു കിടക്കുന്ന ഒരു പുഴയുണ്ടായിരുന്നു.ഇതെന്താ സ്വപ്നം കാണുകയാണോ എന്നു തോന്നിപ്പോകും. കാരണം അവിടം അത്രയും ഭംഗിയായിരുന്നു. ആ വിശാലമായ പുഴയുടെ നടുവിലായി ചുറ്റിലും ജലത്താൽ ചുറ്റപ്പെട്ട ഒരു ദ്വീപുപോലുള്ള ഒരു പ്രദേശമുണ്ടായിരുന്നു. അതിനു പുറകിൽ ആകാശമാണ് ദൃശ്യമാകുന്നത്. അവിടെ മീൻ പിടിക്കാറുണ്ടെന്ന് മനസ്സിലായി.കാരണം അവിടെ മീൻ പിടിക്കാനുള്ള വലയും ചൂണ്ടയും വട്ടതോണിയും എല്ലാം ഉണ്ടായിരുന്നു. അതിൽ ഒരു വട്ട തോണിയിൽ കയറി ഞങ്ങൾ പുഴയുടെ കുറച്ചു നടുവിലേക്ക് തുഴഞ്ഞു പോയി. അപ്പോൾ പുഴയ്ക്ക് അത്ര ആഴവുമില്ലായിരുന്നു എന്ന് തിരിച്ചറിഞ്ഞു. അത് മറക്കാനാവാത്ത നല്ല ഒരു അനുഭവമായിരുന്നു.പുതിയ സ്ഥലം, പുതിയ മനുഷ്യർ ഇവരെയൊക്കെ കാണാൻ കഴിഞ്ഞു.ഇത് മറക്കാനാവാത്തൊരു സഞ്ചാരമായിരുന്നു.

SULTHANA 9C

# അഭിമാനമുഹൂർത്തങ്ങൾ...................











പ്രിഡോറ


S S A KERALA.DISPLAY BOARD
1993– 1994 എസ്.എസ്.എൽ.സി. ബാച്ച്
സി.സി.ടി.വി സമർപ്പണം
2019 ഡിസംബർ 28

## പ്രിഡോറ



## ഗ്രീൻ പ്രോട്ടോക്കോൾ സബ്ജില്ലാ കലോൽസവം തയ്യാറെടുപ്പ്



പ്രിഡോറ

ദേശാഭിമാനി അക്ഷരമുറ്റം

ODYSSIA QUIZ FESTIVAL 2019 SEASON 9

# ജി.എച്ച്.എസ്.എസ്.ചായ്യോത്തിന്റെ പ്രതിഭകൾ



ദേശാഭിമാനി അക്ഷരമുറ്റം ODYSSIA QUIZ FESTIVAL 2019 SEASON 9

HS വിഭാഗം ഒന്നാം സ്ഥാനം

അനുഗ്രഹ ജി.നായർ



ദേശാഭിമാനി അക്ഷരമുറ്റം ODYSSIA QUIZ FESTIVAL 2019 SEASON 9

UP വിഭാഗം ഒന്നാം സ്ഥാനം

അനവദ്യ വി നായർ



ദേശാഭിമാനി അക്ഷരമുറ്റം ODYSSIA QUIZ FESTIVAL 2019 SEASON 9

LP വിഭാഗം മൂന്നാംസ്ഥാനം

ദേവാനന്ദ്.എ ഡി



ദേശാഭിമാനി അക്ഷരമുറ്റം ODYSSIA QUIZ FESTIVAL 2019 SEASON 9

LP വിഭാഗം നാലാം സ്ഥാനം

ഗൗതം ചന്ദ്ര

അഭിനന്ദനങ്ങൾ



വണ 1,40,000 വാഴക്കന്നുകം വിതരണം ചെയ്തിരുന്നു.

# കലോത്സവാവേശം വിദ്യാർഥികളുടെ ചാനലിലൂടെ

നീലേശ്വരം ▸ ഉപജില്ലാ സ്കൂൾ കലോത്സവത്തിന്റെ ഓരോ നിമിഷവും വാർത്തയായി കാണാം. ഇത് വിദ്യാർഥികളുടെ ചാനലിലൂടെയാണെന്നതാണ് പ്രത്യേകത. ചിറ്റാരിക്കാൽ ഉപജില്ലാ സ്കൂൾ കലോത്സവം നടക്കുന്ന ചായ്യോത്ത് ഗവ. എച്ച്.എസ്.എസ്സിലെ വിദ്യാർഥികളാണ് അവർ പഠിച്ച സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കലോത്സവ വാർത്തകൾ ടെലിവിഷനിലൂടെ പ്രേക്ഷകരിലെത്തിക്കുന്നത്.

ഹൈസ്കൂൾ വിഭാഗത്തിലെ ഐ.ടി. ക്ലബായ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തകരാണ് ചാനൽ സംപ്രേഷണം ഒരുക്കിയത്. കലോത്സവ വാർത്തകൾ, തത്സമയ സ്കോറുകൾ എന്നിവ ചാനലിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. കൂടാതെ അവതാരകർ നടത്തുന്ന അഭിമുഖവും.

ചാനലിനായി ക്യാമറ ചലിപ്പിക്കുന്നതും അവതരണവും റിപ്പോർട്ടിങ്ങും എഡിറ്റിങ്ങും തുടങ്ങി എല്ലാ പ്രവർത്തനങ്ങളും വിദ്യാർഥികൾ തന്നെയാണ് ചെയ്യുന്നത്. അതുൽ പ്രദീപാണ് കലോത്സവ റിപ്പോർട്ടർ. കീർത്തന വാർത്താ അവതാരകയാണ്. പി.വി. നിരഞ്ജനാണ് ദൃശ്യങ്ങൾ ഒപ്പിയെടുക്കുന്നത്. കലോത്സവാരംഭം മുതൽ ചാനൽ സംപ്രേഷണം ചെയ്യുന്നുണ്ട്.

വിദ്യാർഥികളായ വിവേക്, പി.രാംജിത്ത്, ദർശന ജയപ്രകാശ്, നിവേദിത, പൂജ, വി.വി. മാനസ, സാധ്വിക, അതുൽപ്രകാശ്, കെ.മിഥുന എന്നിവരാണ് സാങ്കേതികസഹായം. പ്രിൻസിപ്പൽ ടി.വി.പ്രകാശ്, അധ്യാപകരായ കെ.ബി.സജിത്ത്, സി.പി. വത്സലരാജ്, കെ.ലത എന്നിവരുടെ നിർദേശത്തോടെയാണ് ചാനൽ പരിപാടി മുന്നേറുന്നത്. ബുധനാഴ്ച കലോത്സവം സമാപിക്കും.

ചായ്യോത്ത് ഗവ. എച്ച്.എസ്.എസ്സിൽ നടക്കുന്ന ചിറ്റാരിക്കാൽ ഉപജില്ലാ സ്കൂൾ കലോത്സവത്തിലെ വിദ്യാർഥികളുടെ ചാനലിന്റെ പിന്നണിയിൽ പ്രവർത്തിക്കുന്നവർ

Mahindra

വേഗമാകട്ടെ

# കാസർഗോഡ് ജില്ലയിൽ കരാട്ടെ ചാമ്പ്യൻഷിപ്പ് നേടിയ പാർവ്വതി......





പ്രിഡോറ




സംസ്ഥാന കലോൽസവത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ.......

പ്രിഡോറ






സംസ്ഥാനതല നാഷണൽ ചിൽഡ്രൻസ് സയൻസ് കോൺഗ്രസിൽ ദേശീയ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നിരഞ്ജൻ പി വി.



ഏഴിമല നാവിക അക്കാദമിക്ക് കളേഴ്സ് പുരസ്കാരം നൽകാൻ വന്ന രാഷ്ട്രപതിയെ കാണാൻ എത്തിയ എൻ സി സി കേഡറ്റുകൾ......................................



പ്രതിഭോൽസവം



# കാർത്തിക് കേരളാ സബ് ജൂനിയർ വോളി ടീമിൽ

നീലേശ്വരം ► ചയ്യോത്ത് ഗവ. ഹയർ സെക്കൻഡറി സ്കൂൾ പത്താംതരം വിദ്യാർഥി കാർത്തിക് സംസ്ഥാന സബ്ജൂനിയർ വോളി ടീമിൽ. കൊല്ലംപാറയിലെ ഷൈനോജിന്റെയും ഷീബയുടെയും മകനാണ്. കിനാനൂർ റോഡ് ചന്തു ഓഫീസർ മെമ്മോറിയൽ വോളിബോൾ അക്കാദമിയിലെ വോളി താരമാണ് പി.കെ. കാർത്തിക്. തൃശൂർ പേരാമംഗല

പ്രിഡോറ




ദേശാഭിമാനി
അക്ഷരമുറ്റം
മെഗാ ഫൈനലിൽ നമ്മുടെ
അഭിമാനം
അനുഗ്രഹ ജി.നായർ

# ഓണപൂക്കളം



# പ്രതിഭകളോടൊത്ത്...........




## പ്രിഡോറ




പ്രകൃതിയെ പ്ലാസ്റ്റിക്ക് വിമുക്തമാക്കാൻ കേരള സർക്കാർ പദ്ധതിയായ ഹരിതസേന അംഗങ്ങൾ..................

STATE KALOLSAVAM PHOTOS BY LITTLE KITES






6







# LITTLE KITES MEMBERS

| | |
|---|---|
| 1 | ആര്യ |
| 2 | അലീന |
| 3 | ആൽഫിയ ടി എൻ |
| 4 | ഏഞ്ചൽ ഷാജി |
| 5 | ദിയ സുധാകരൻ |
| 6 | ദിൽന |
| 7 | ഗ്ലാഡിസ് തോമസ് |
| 8 | ജാസ്മിൻ കെ |
| 9 | നിദ മറിയം |
| 10 | റിയ തെരേസ് ബിനോയ് |
| 11 | സാന്ത്വന ജെയിംസ് |
| 12 | സുൽത്തന ബീഗം |
| 13 | ശലഭ |
| 14 | ശ്രേയ രാജൻ |
| 15 | ശ്രേയ വി കെ |
| 16 | ശ്രേയ ഉണ്ണി |
| 17 | അതുൽ |
| 18 | അഭിനവ് മോഹൻ |
| 19 | അർജ്ജുൻ പ്രദീപ് |
| 20 | അൻഷിഫ് |
| 21 | അബിൻ കെ |
| 22 | അഭിനന്ദ് കെ വി |
| 23 | നിരഞ്ജൻ പി വി |
| 24 | രാംജിത്ത് പി |
| 25 | ശിവപ്രസാദ് ടി |

| | |
|---|---|
| 26 | സംഗീത് സി പി |
| 27 | സംഗീത് ടി |
| 28 | സിദ്ധാർത്ഥ് പി |
| 29 | വിഷ്ണു |
| 30 | മിഥുൻ മനോജ് |
| 31 | വിവേക് |



# മറുമൊഴി

ഒരു കവിതയുടെ
ഇളം കരിക്ക്
ഒരു കഥക്കാമ്പ്....
ഒരു വാക്കിൻ തീപ്പൊരി
നിങ്ങടെ മനസ്സിൽ
പാറിക്കളിക്കുന്നുണ്ടെന്ന്
പ്രതീക്ഷിക്കട്ടെ....
ആ വാക്കു പൂക്കുമിടം....
ഹൃദയത്തിൽ
സംഗീതമാകട്ടെ....
പൂത്തു വിടർന്നവ
സുഗന്ധമായ്....
നിറമായ്....
കനികളായ്....
നാളെക്കും വിടരാനായ്
പുതിയ വേരിൻപടർപ്പ്
തേടുന്നു...
ഉറവായ്
മണ്ണിൻ തണുപ്പായ്....
സൂര്യവെളിച്ചമായ്
കൂടെ നിൽക്കുക.....